




# Eid-ul-Adha Sermon
## ഈദുൽ അദ്ഹാ ഖുത്തുബ

Hadhrat Khalifatullah Munir. A. Azim (atba)

01 AUGUST 2020
10 DHUL-HIJJAH 1441 AH

Eid-ul-Adha Sermon
ഈദുൽ അദ്ഹാ ഖുത്തുബ

സലാമിനും, ഈദുൽ അദ്ഹാ മുബാറക്ക് ആശംസകൾക്കും ശേഷം, ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ: അൽഫാതിഹ ഇവ ഓതി ഖുതുബ നിർവ്വഹിക്കുകയുണ്ടായി.

"ഈദുൽ അദ്ഹ" മറ്റ് ആഘോഷങ്ങൾപോലെയുള്ള ഒരു ആഘോഷമല്ല. അതായത് ഇത് ഈദുൽ ഫിത്ർ പോലെ സന്തോഷ പ്രകടനത്തിന്റെ ആഘോഷമല്ല. മറിച്ച്, ഇത് നമ്മുടെ പ്രിയങ്കരനായ പ്രവാചകൻ ഹസ്രത് മുഹമ്മദ് മുസ്തഫാ(സ) യുടെ പൂർവ്വികനും, മഹാനായ പ്രവാചകനുമായ ഹസ്രത് ഇബ്രാഹിം(അ)യുടെ മഹത്തായ ത്യാഗത്തിന്റെ സ്മരണ പുതുക്കലാണ്.

ഈ മഹത്തായ ത്യാഗം മാനവരാശിക്ക് ഒരു പാഠവും ഉണർത്തുപാട്ടുമായി വ്യാപിപ്പിയ്ക്കപ്പെട്ടിരിക്കുന്നു. ആ ചരിത്രം എല്ലാവർക്കും സുപരിചിതവുമാണ്. ഹസ്രത് ഇബ്രാഹിം(അ) യുടെയും അദ്ദേഹത്തിന്റെ പുത്രൻ ഹസ്രത് ഇസ്മാഈൽ (അ) യുടേയും ചരിത്രത്തെ ആധാരമാക്കി ഞാൻ തന്നെ അനേകം ഖുതുബകൾ നിർവ്വഹിച്ചിട്ടുണ്ട്. ആയതിനാൽ ഞാൻ പ്രസ്തുത വിഷയത്തിലേക്ക് കടക്കുന്നില്ല. നിങ്ങൾ ആ പെരുന്നാൾ ഖുതുബകൾ വീണ്ടും വായിച്ചു മനസ്സിലാക്കൂ.

ആ മഹത്തായ ത്യാഗത്തിൽ നിന്നും പാഠം പഠിക്കുക എന്നതാണ് നാം ചെയ്യേണ്ടത്. നമുക്കറിയാത്തതും അതുതന്നെയാണ്. ഈ ത്യാഗം ഇല്ലായിരുന്നുവെങ്കിൽ ഹസ്രത് ഇബ്രാഹിം (അ)യ്ക്ക് അല്ലാഹുവിന്റെ ഖലീലുല്ലാഹ് **(Comrade of Allah)** ആകുവാൻ സാധിക്കുമായിരുന്നില്ല. അദ്ദേഹത്തിന്റെ സ്ഥാനത്ത് നിങ്ങൾ നിങ്ങളെ പ്രതിഷ്ഠിച്ച് ഒന്ന് സങ്കല്പിച്ചു നോക്കുക. കുഞ്ഞുങ്ങൾ ഇല്ലാതെ അനേക വർഷങ്ങൾ നിങ്ങൾ അല്ലാഹുവിന്റെ കാല്പാദങ്ങളിൽ സാഷ്ടാംഗം വീണു പ്രാർത്ഥിച്ച് വാർധക്യ ദശയിൽ പിതാവാകാനുള്ള ഭാഗ്യം ലഭിച്ച നിങ്ങളെ പറ്റി ചിന്തിക്കുക. ഒരു അനന്തരാവകാശിക്കുവേണ്ടിയുള്ള നിങ്ങളുടെ യാചന കേൾക്കുന്ന അല്ലാഹു, നിങ്ങളുടെ പ്രാർത്ഥനയ്ക്ക് ഉത്തരമായി ഒരു കുഞ്ഞിനെ പ്രദാനം ചെയ്യുന്നു. എന്നിട്ട് ആ അവനോട് (അല്ലാഹുവിനോട്) നിങ്ങൾക്ക് എത്ര മാത്രം സ്നേഹമുണ്ട് അതിന്റെ ആഴമെത്രയാണ് എന്നൊക്കെ അറിയാൻ നിങ്ങളെ പരീക്ഷിക്കുന്നു. ആ കുഞ്ഞിനോടുള്ള നിങ്ങളുടെ സ്നേഹം അല്ലാഹുവിനോടുള്ള നിങ്ങളുടെ സ്നേഹത്തേക്കാൾ കരുത്തുറ്റതാണോ? അതറിയുവാനാണ് അവൻ നിങ്ങളെ പരീക്ഷണത്തിലേക്ക് വിധേയനാക്കുന്നത്.

നമുക്കു ചുറ്റും ഒരുപാട് ദമ്പതികൾ കുഞ്ഞുങ്ങളില്ലാതെ ദുഃഖം അനുഭവിക്കുന്നവർ ആയി, അവരുടെ ദുഃഖത്തിന് അറുതി വരുത്തുന്നതിനായി അവർ തേടിച്ചെല്ലാത്ത ഇടങ്ങളില്ല. പേരുകേട്ട ഡോക്ടർമാരെ കാണുകയും ചികിത്സയ്ക്കായി അനേകായിരങ്ങൾ ചെലവഴിക്കുകയും ചെയ്യുന്നു. അതുപോലെ തന്നെ, അതോടൊപ്പം അല്ലാഹുവിന്റെ കാലടികളിൽ വീണ് ഒരു കുഞ്ഞിനെ നല്കി അനുഗ്രഹിക്കേണമേ എന്ന് ഹൃദയത്തിൽ തൊട്ട് പ്രാർത്ഥിക്കുകയും ചെയ്യുന്ന പലരെയും എനിക്കറിയാം. അങ്ങനെയുള്ളവരുടെ പ്രാർത്ഥനകളെ അല്ലാഹു പൂർത്തിയാക്കിക്കൊടുക്കയും, ചികിത്സകളെ ഫലപ്രദമാക്കി നല്കുകയും ചെയ്ത് അവനിലുള്ള അവരുടെ അടിയുറച്ച വിശ്വാസം കാരണമായി അവർക്ക് അവൻ കുഞ്ഞിനെ നല്കി അനുഗ്രഹിക്കുകയും ചെയ്യുന്നു. അങ്ങനെ അത്രയേറെ പ്രാർത്ഥനകളുടേയും, ചികിത്സകളുടേയും ഫലമായി ലഭിക്കുന്ന കുഞ്ഞ് ആ കുടുംബത്തിലെ

സർവ്വരുടേയും വാത്സല്യനിധിയായി വളരുന്നു. അവനു വേണ്ടതെല്ലാം പഠനത്തിനു വേണ്ടിയോ, അല്ലാതെയോ ആക ട്ടെ, ഏറെ സന്തോഷത്തോടെ വീട്ടുകാർ ചെലവഴിക്കുന്നു. അങ്ങ നെയുള്ള സന്തോഷവേളയിൽ പെട്ടെന്നൊരു ദിവസം ആ കുടും ബത്തിന് ആ കുഞ്ഞ് നഷ്ടമാകുന്ന അവസ്ഥയെപറ്റി ചിന്തിച്ചു നോക്കൂ. ആ മാതാപിതാക്കളുടെ ദുഃഖം എത്രമാത്രം ആയിരി ക്കും. ഇത്തരം ദുരന്തങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നത് സർവ്വതും അല്ലാഹുവിനുള്ളതാണ് എന്ന സത്യത്തെയാണ്. ഒരു നിമിഷത്തി നിടയിൽ നമ്മിൽ നിന്നും എല്ലാം തിരികെയെടുക്കാൻ ശക്തിയു ള്ളവനാണ് അല്ലാഹു. അവൻ ഇച്ഛിക്കുന്നതുപോലെ കാര്യങ്ങൾ നടത്തുന്നു. അവന് ആരോടും കണക്കു ബോധിപ്പിക്കേണ്ടതി ല്ല.

ആ അർത്ഥത്തിൽ, ഹസ്രത് ഇഹ്റാഹിം (അ)യുടെ അവസ്ഥ ഒന്ന് ആലോചിച്ചു നോക്കൂ, വാർധക്യദശയിൽ അല്ലാഹു(ത) അദ്ദേ ഹത്തിന് ഒരു കുഞ്ഞിനെ പ്രദാനം ചെയ്യുന്നു. അല്ലാഹുവിനോട് ഒരു പ്രത്യേകസ്നേഹം പുലർത്തുന്ന വ്യക്തിയായിരുന്നു ഹസ്രത് ഇബ്രാഹിം(അ). ഏക ദൈവത്തിലുള്ള അദ്ദേഹത്തിന്റെ വിശ്വാ സം, അവനോടുള്ള അദ്ദേഹത്തിന്റെ അടിയുറച്ച ആത്മാർത്ഥത, ഭക്തി, സമർപ്പണമനോഭാവം എന്നിവ അനിതരസാധാരണമായ ഒന്നായിരുന്നു. അതിനാൽ തന്നെ അദ്ദേഹം അനേകം പരീക്ഷ ണങ്ങൾക്കുവിധേയനുമായി. ഹസ്രത് ഇബ്രാഹിം(അ)യ്ക്കു നട ത്തേണ്ടി വന്ന ത്യാഗങ്ങളെപറ്റി വിശുദ്ധഖുർആനിൽ വിശദമായി വായിക്കാവുന്നതാണ്. അദ്ദേഹം, പിതാവുൾപ്പടെയുള്ള തന്റെ സമൂഹത്തിലെ ജനതയ്ക്ക്, അവർ തങ്ങൾ സൃഷ്ടിച്ചതിനെയാണ് ആരാധിയ്ക്കുന്നത് എന്ന അവബോധം നല്കി. നിങ്ങൾ തന്നെ കൊത്തിയുണ്ടാക്കുന്ന വസ്തുക്കളെയാണോ നിങ്ങൾ ആരാധി യ്ക്കുന്നത്? എന്ന് അവരോട് ചോദിച്ച അദ്ദേഹം അവരെ വാസ്ത വത്തിൽ നിങ്ങളേയും, നിങ്ങൾ നിർമ്മിക്കുന്ന വസ്തുക്കളേയും അല്ലാഹുവാണ് സൃഷ്ടിച്ചത് എന്ന് മനസ്സിലാക്കിക്കൊടുക്കുവാൻ കഠിനമായി പരിശ്രമിച്ചു. അവർ ഏകദൈവത്തിൽ, വിശ്വസിയ്ക്ക ണമെന്നും, സർവ്വതിനെയും സൃഷ്ടിക്കുന്ന പ്രപഞ്ചനാഥന്റെ

മാർഗ്ഗത്തിൽ, സന്മാർഗ്ഗത്തിൽ, ചരിയ്ക്കുന്നവരാകണമെന്നും അദ്ദേഹം ആഗ്രഹിച്ചു. പക്ഷേ, അദ്ദേഹത്തിന്റെ ജനത ചെയ്തത് എന്താണ്? അവർ പറഞ്ഞു: നിങ്ങൾ അവനുവേണ്ടി ഒരു ചൂള നിർമ്മിക്കുക. എന്നിട്ട് ജ്വലിക്കുന്ന അഗ്നിയിലേക്ക് അവനെ എറിയുക. (അസ്സ്വാഫാത്ത് 37:97–98) അക്രമകാരികളും, തങ്ങളുടെ ദൈവങ്ങളുമായി തങ്ങളുടെ ഹൃദയത്തെ കെട്ടിയിടപ്പെട്ടവരുമായ ആ ജനതയുടെ യുക്തിബോധം ഇത്തരത്തിലുള്ളതായിരുന്നു. അല്ലാഹു എപ്പോഴൊക്കെ തന്റെ തെരെഞ്ഞെടുക്കപ്പെട്ട ദൂതന്മാരെ അയക്കുന്നുവോ, അപ്പോഴെല്ലാം ഇത്തരത്തിലുള്ള പ്രശ്നകാരികളും, അക്രമകാരികളും മുളച്ചുപൊന്തുക പതിവാണ്. നമ്മുടെ ഈ കാലഘട്ടത്തിലും ഈ വിഭാഗത്തിൽപെടുത്താവുന്ന കുതന്ത്രശാലികളും, മതഭ്രാന്തന്മാരുമായ മുല്ലാക്കളെ നമുക്കു ചുറ്റും കാണാൻ സാധിക്കും. ഉദാഹരണമായി, തമിഴ്നാട്ടിലെ ഒരു മുല്ല പറഞ്ഞു പരത്തിയത് അദ്ദേഹത്തിന്റെ ഖലീഫ എന്നോട് ദയ കാണിച്ചതാണ് എന്നാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ എനിക്ക് വധശിക്ഷയായിരുന്നു കിട്ടേണ്ടിയിരുന്നത് നോക്കുക! അല്ലാഹുവിലേക്കും, സന്മാർഗ്ഗത്തിലേക്കും ജനങ്ങളെ നയിക്കുവാനായി അല്ലാഹുവിന്റെ ദൂതൻ ആഗതനാകുന്ന വേളകളിലെല്ലാം തന്നെ ജനങ്ങൾ തങ്ങളുടെ ബിംബങ്ങളെയും ചുറ്റിപ്പിടിച്ച് ഇരിയ്ക്കും. പക്ഷേ, ഇത്തരം പ്രശ്നകാരികളുടെമേൽ ദൈവീക ശാപം (അപമാനം) ഇറങ്ങുക തന്നെ ചെയ്യുന്നതാണ്.

ഇവിടെ നാം പറഞ്ഞുകൊണ്ടിരിക്കുന്ന കേസിൽ, അല്ലാഹു തന്റെ ഖലീലുല്ലാഹ് (സുഹൃത്തിനെ)യെ സംരക്ഷിച്ചുകൊണ്ട് പറയുന്നു. അങ്ങനെ അവർ അദ്ദേഹത്തിനെതിരിൽ ഒരു കുതന്ത്രം ഉദ്ദേശിച്ചു. പക്ഷേ, നാം അവരെ അങ്ങേയറ്റം നിന്ദ്യരാക്കിക്കളഞ്ഞു. അതിനു ശേഷം അദ്ദേഹം പറഞ്ഞു. ഞാനെന്റെ നാഥന്റെ അടുക്കലേക്ക് പോവുകയാണ് അവനെന്നെ വിജയമാർഗ്ഗത്തിലേക്ക് നയിക്കും. (അസ്സ്വാഫാത്ത് 37:99–100)

പിന്നീട് എന്താണുണ്ടായത്? അദ്ദേഹം അല്ലാഹുവിനെ കൂട്ടുപിടിച്ചു. ആ കൂട്ടുകെട്ട് എത്രത്തോളം കെട്ടുറപ്പുള്ളതാണെന്നു വച്ചാൽ അതുമുഖേന അദ്ദേഹത്തിന്റെ വിശ്വാസം ശക്തിയാർജ്ജിച്ചതും, കരുത്തുറ്റതും ആയിത്തീരുകയും അതിനെ വിശ

ദീകരിക്കുവാൻ സാധിക്കാത്ത വിധം പ്രത്യേകതലത്തിലുള്ള ഒന്നായി മാറുകയും ചെയ്തു. വാർധക്യദശയുടെ പാരമ്യത്തിലായിരുന്നിട്ടുകൂടി, മാനവിക ഗുണങ്ങളെ ജീവിതത്തിൽ പാലിച്ചുകാണിച്ച അദ്ദേഹം അല്ലാഹുവിനോടുള്ള അടിയുറച്ചവിശ്വാസം കൊണ്ടും, അവനോടുള്ള പ്രാർത്ഥനകൾകൊണ്ടും സാധാരണഗതിയിൽ സാധ്യമല്ലാത്തത് സാധ്യമാണെന്ന് ജനങ്ങൾക്ക് ബോധ്യപ്പെടുത്തിക്കൊടുത്തു. ഇബ്റാഹീം(അ) തന്റെ നാഥനിൽ പരിപൂർണ്ണ വിശ്വാസം അർപ്പിച്ച് ചെയ്ത ദുആ വിശുദ്ധഖുർആനിൽ വ്യക്തമാക്കിയിരിക്കുന്നു. ആ ദുആ സഫലമാക്കുക വഴി അല്ലാഹു(ത) തന്റെ ഭക്തദാസർക്കായി അത്ഭുതങ്ങൾ പ്രവർത്തിപ്പിക്കുന്നവനാണ് എന്നും, അത് അന്ത്യവിധിനാൾവരെയും ഭക്തദാസർക്ക് ഒരു ഉദാഹരണമായി നിലനില്ക്കുമെന്നും കാണിച്ചുതന്നിരിക്കുന്നു. ആ ദുആ ഇപ്രകാരണമാണ്. അദ്ദേഹം പ്രാർത്ഥിച്ചു. എന്റെ നാഥാ, നീ എനിക്ക് സദ്വൃത്തരായ സന്തതികളെ നല്കേണമേ! അദ്ദേഹത്തിന്റെ ഈ പ്രാർത്ഥനയ്ക്ക് അല്ലാഹു ഉത്തരം നല്കുകയും ചെയ്തു. അപ്പോൾ, സഹനശീലനായൊരു സുതനെക്കുറിച്ച് നാം അദ്ദേഹത്തിന് സുവിശേഷം നല്കി. (അസ്സ്വാഫാത്ത് 37:101–102)

അല്ലാഹു(ത)യിൽ അടിയുറച്ചവിശ്വാസം അർപ്പിച്ച ഭക്തദാസനാണ് ഇബ്റാഹിം(അ)എന്നും, അദ്ദേഹത്തിന്റെ ഭക്തിയും, അടിയുറച്ച വിശ്വാസവും എത്രമേൽ കരുത്തുറ്റതും, അനിതരസാധാരണവും ആണ് എന്നും അല്ലാഹു ലോകജനതയ്ക്കു കാണിച്ചു തരുന്നു. അല്ലാഹു ഇബ്റാഹിം(അ)യുടെ ആ ചരിത്രം നമുക്ക് വെളിപ്പെടുത്തിത്തന്നില്ലായിരുന്നുവെങ്കിൽ നാം ഇതെങ്ങനെ അറിയുമായിരുന്നു? അല്ലാഹു(ത) ആ ചരിത്രത്തെ ഖുർആനിൽ സ്പഷ്ടമാക്കിയിരിക്കുന്നു. അതിൽ ഇബ്റാഹിം(അ) തന്റെ മകൻ ആയ ഇസ്മായിൽ (അ)യെ ബലിഅർപ്പിക്കുന്നതായി കാണുന്ന സ്വപ്നത്തെ പറ്റി വ്യക്തമായി സൂചിപ്പിച്ചിരിക്കുന്നു. താൻ കണ്ട സ്വപ്നത്തെ സാക്ഷാത്ക്കരിക്കണമെന്ന് ഇബ്റാഹിം(അ) ആഗ്രഹിയ്ക്കുന്നു. പക്ഷേ, അദ്ദേഹം തന്റെ മകന് തിരിച്ചറിവ്–പക്വത– എത്തുന്ന പ്രായമാകുന്നതിനായി

കാത്തിരിക്കുന്നു. തന്നോടൊപ്പം യാത്ര ചെയ്യുവാൻ, പ്രവർത്തിക്കുവാൻ മകൻ പ്രാപ്തിയാകുന്ന പ്രായം ആകുന്നതുവരെ അദ്ദേഹം കാത്തു. അങ്ങനെ ആ സമയം വന്നെത്തിയപ്പോൾ താൻ അവനെ ബലിയർപ്പിക്കുന്നതായി സ്വപ്നം കണ്ടിരിക്കുന്നു എന്ന് അദ്ദേഹം അവനോട് വെളിപ്പെടുത്തുന്നു. അദ്ദേഹം പറഞ്ഞു: എന്റെ പ്രിയപ്പെട്ട മകനേ, ഞാൻ നിന്നെ അറുക്കുന്നതായി സ്വപ്നത്തിൽ കാണുന്നു. അതുകൊണ്ട് നീ ചിന്തിച്ചു നോക്കുക. എന്താണ് നിന്റെ അഭിപ്രായം? ഇങ്ങനെ പിതാവ് ചോദിക്കുന്ന വേളയിൽ മകൻ പ്രദർപ്പിക്കുന്ന ധീരമായ ത്യാഗമനോഭാവം എത്ര ഉദാത്തമാണ് ! തീർച്ചയായും ഹസ്രത് ഇബ്റാംഹിം(അ)യ്ക്ക് തന്റെ മകന്റെ ഹൃദയവിശുദ്ധിയും, വിശ്വാസദാർഢ്യവും എത്രയാണെന്ന് സമയമറിഞ്ഞ് ബോധ്യപ്പെടേണ്ടതും ഉണ്ടായിരുന്നു. കാരണം അല്ലാഹു അദ്ദേഹത്തിന് സഹനശീലനായൊരു സുതനെക്കുറിച്ച് സുവിശേഷം നല്കിയിരുന്നു. ആ മകൻ അദ്ദേഹത്തിനു നല്കിയ മറുപടി ഇങ്ങനെയായിരുന്നു. എന്റെ പ്രിയ പിതാവേ, താങ്കളോട് ആജ്ഞാപിക്കപ്പെടുന്നത് ചെയ്തുകൊള്ളുക. അല്ലാഹു ഉദ്ദേശിക്കുന്നതായാൽ സഹനം കൈക്കൊള്ളുന്നവരിൽ ഒരാളായി താങ്കൾക്കെന്നെ കാണാം. (അസ്സ്വാഫാത്ത് 37:103)

ഒന്നാലോചിച്ചു നോക്കൂ. വാർധക്യദശയിലെത്തിയിരിക്കുന്ന പിതാവ് താൻ പ്രാണനു തുല്യം സ്നേഹിക്കുന്ന മകനെ ബലിയർപ്പിക്കണമെന്ന് ദിവ്യകല്പന ലഭിക്കപ്പെടുന്നു. അതും ഒരേയൊരു കുഞ്ഞ് ഉള്ളതിനെ! നിങ്ങൾ ആ കല്പന അനുസരിക്കുന്നു. സ്വന്തം കൈകളാൽ ആ കുഞ്ഞിനെ അറുക്കുന്നതിന് നിങ്ങൾ തയ്യാറാകുന്നു!! ഇത്തരമൊരു ബലിക്ക് ഈ കാലഘട്ടത്തിൽ ആര് തയ്യാറാകും? അതും തന്റെ നാഥനുവേണ്ടി! അവന്റെ പ്രീതി ലഭിക്കുവാൻ വേണ്ടി! കാരുണ്യവാനായ അല്ലാഹു(ത) ഇസ്മാഈൽ(അ)യുടെ രക്തത്തിനായി ദാഹിക്കുകയായിരുന്നോ? അതോ, തന്റെ ഭക്തദാസരുടെ ആത്മാർത്ഥതയുടേയും, ഭക്തിയുടേയും ആഴം അളക്കുവാൻ വേണ്ടി ആയിരുന്നുവോ?

അല്ലാഹുവിന്റെ കല്പനയ്ക്ക് മുമ്പിൽ സ്വയം സമർപ്പിച്ച് അവന്റെ ആ ഭക്തദാസർ (പിതാവും പുത്രനും) നിന്നപ്പോൾ അവ

രുടെ ഭക്തിയുടെ ആഴം അല്ലാഹു (ത) ഹസ്രത് ഇസ്മാഈൽ (അ) യെ ബലിയർപ്പിക്കുവാനായി ഹസ്രത് ഇബ്രാഹിം(അ) അദ്ദേഹത്തെ നിലത്തു കിടത്തി തക്ബീർ തശ്‌രീഫ് ചൊല്ലി.

അല്ലാഹു അക്ബർ, അല്ലാഹു അക്ബർ, ലാ ഇലാഹ ഇല്ലല്ലാഹു അല്ലാഹു അക്ബർ, അല്ലാഹു അക്ബർ വലില്ലാഹിൽഹംദ് അല്ലാഹു(ത) ജിബ്‌രീൽ(അ)നോട് അതിന് ഒരു പ്രായശ്ചിത്തം (പരിഹാരം) കൊണ്ടു വരുവാൻ ആജ്ഞാപിച്ചു. തന്റെ മകനെ ബലിയർപ്പിക്കുവാൻ തയ്യാറായി നില്ക്കുന്ന ഹസ്രത് ഇബ്രാഹിം (അ)യുടെ പ്രവൃത്തിയിൽ നിന്നും അദ്ദേഹത്തിന് അല്ലാഹുവിനോടുള്ള സ്നേഹവും ഭക്തിയും തന്റെ മകനോടുള്ള സ്നേഹത്തേക്കാൾ ദൃഢമായതാണ് എന്നുതിരിച്ചറിഞ്ഞ ജിബ്‌രീൽ(അ) അല്ലാഹു അക്ബർ, അല്ലാഹു അക്ബർ എന്ന് ചൊല്ലുവാൻ തുടങ്ങി. ഈ അശരീരി കേട്ട ഇബ്‌റാഹിം(അ) ഇതൊരു സുവാർത്തയാണ് എന്ന് തിരിച്ചറിയുകയും ലാ ഇലാഹ ഇല്ലല്ലാഹു അല്ലാഹു അക്ബർ എന്ന മറുപടി ഉച്ചത്തിൽ ചൊല്ലുകയും ചെയ്തു. ആദ്യത്തെ ബലി(നിലത്തുകിടത്തി കഴുത്തിൽ കത്തിവച്ചത്)യുടെ പ്രായശ്ചിത്തമാണ് ഇത് എന്നു മനസ്സിലാക്കിയ ഹസ്രത് ഇസ്മാൽ (അ)അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട് അല്ലാഹു അക്ബർ വലില്ലാഹിൽഹംദ് എന്നു ചൊല്ലി. അല്ലാഹു(ത)യ്ക്ക് നരബലി ആവശ്യമില്ലായിരുന്നു. അക്ഷരാർത്ഥത്തിൽ നരബലി പിതാവിനെയും പുത്രനെയും നരബലി നടത്തിച്ച് മകന്റെ ചോര ചിന്തുക-എന്ന കർമ്മം നടത്തുക എന്നായിരുന്നില്ല അല്ലാഹു ഉദ്ദേശിച്ചിരുന്നത്. കാരണം അങ്ങനെ ആയിരുന്നുവെങ്കിൽ ഒരുപ്രവാചകൻ താനൊരു സ്വപ്നം കണ്ടു എന്നതിന്റെ പേരിൽ തന്റെ മകനെ നരബലി സമർപ്പിച്ചു എന്ന കളങ്കവുംപേറി ചരിത്രത്തിൽ രേഖപ്പെട്ടു കിടന്നേനെ. നഊദുബില്ലാഹ് മിൻ ദാലിക് അല്ലാഹു(ത)ഒരിയ്ക്കലും ഒരു ക്രൂരനായ ദൈവം അല്ല.

ഹസ്രത് ഇബ്‌റാഹീം (അ)യ്ക്ക് അല്ലാഹുവിനോടുള്ള അഗാധമായ സ്നേഹം മാനവരാശിയ്ക്കു കാണിച്ചുകൊടുക്കണമെന്ന് അല്ലാഹു ഉദ്ദേശിച്ചു. ഹസ്രത് ഇബ്‌റാഹിം(അ)യ്ക്ക് അല്ലാഹുവിനോടുള്ള സ്നേഹം തന്റെ മകനോടുള്ളതിനേക്കാൾ ആഴമേറി

യതാകുന്നു. അല്ലാഹു അദ്ദേഹത്തെ വിളിച്ചു പറഞ്ഞു. ഓ!ഇബ്റാഹീം, തീർച്ചയായും നീ സ്വപ്നത്തെ സാക്ഷാത്ക്കരിച്ചിരിക്കുന്നു. ഇപ്രകാരം തന്നെയാണ് സുകൃതവാന്മാർക്ക് നാം പ്രതിഫലം നല്കുക എന്ന്, അപ്പോഴാണ് അല്ലാഹു പറഞ്ഞത്.

തുടർന്നാണ് അല്ലാഹു ഹസ്രത് ഇബ്റാഹിം(അ)നേയും ഹസ്രത് ഇസ്മാഈൽ(അ)നേയും പരീക്ഷിക്കുകയായിരുന്നു, അതിനുള്ള ഒരു പരീക്ഷണം ആയിരുന്നു അത് എന്ന് വെളിപ്പെടുത്തിയത്. തന്റെ മകനായ ഹസ്രത് ഇസ്മാഈൽ (അ)യെ ബലി നല്കുക എന്ന ഇബ്റാഹീം(അ)യുടെ മഹത്തായ ത്യാഗം വിസ്മരിക്കപ്പെട്ടുപോകുവാൻ അല്ലാഹു ഇഷ്ടപ്പെട്ടില്ല. അങ്ങനെയാണ് അല്ലാഹു ഇബ്റാഹിം(അ)ന്റെയും മകൻ ഇസ്മാഈൽ(അ)ന്റെയും മഹത്തായ ത്യാഗം എന്നെന്നും സ്മരിക്കപ്പെടുവാനായി അല്ലാഹു വഴിയൊരുക്കിയത്. അത് സംബന്ധമായി അല്ലാഹു വിശുദ്ധഖുർആനിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. നാം അദ്ദേഹത്തിന് (മകൻ) ഒരു മഹത്തായ ബലികർമ്മം മുഖേന പ്രായശ്ചിത്തം നല്കി. പിൻ തലമുറകളിൽ അദ്ദേഹത്തെക്കുറിച്ചും (സ്മരണയും സൽപേരും) നാം നിലനിറുത്തി. ഇബ്റാഹീമിനു സമാധാനം ഉണ്ടാകട്ടെ. (അസ്സ്വാഫാത്ത് 37:108–109)

ഇബ്റാഹീം(അ)ന്റെ ത്യാഗത്തെപ്പറ്റി ചിന്തിച്ചു നോക്കൂ! എങ്ങനെയാണ് അല്ലാഹു അദ്ദേഹത്തിന്റെ കീർത്തി പിൻതലമുറകളിൽ നിലനിർത്തിയത് എന്നും! രണ്ടാമതൊരു മകനെ–ഇസ്ഹാഖ് (അ)നെ കൂടി പ്രദാനം ചെയ്ത അല്ലാഹു അദ്ദേഹത്തിന് തന്റെ പിൻതലമുറകളിലും പ്രവാചകന്മാരെ നല്കി അനുഗ്രഹിക്കുകയും ചെയ്തു. അങ്ങനെയാണ് അല്ലാഹു പറഞ്ഞത്, സദ്വൃത്തന്മാർക്ക് ഇങ്ങനെയാണ് നാം പ്രതിഫലം നല്കുന്നത്. (അസ്സ്വാഫാത്ത് 37:111)

ചരിത്രം പഠിക്കുമ്പോൾ നമുക്കും മനസ്സിലാക്കാൻ സാധിക്കുന്നത് ഇസ്ഹാഖ് (അ)ന്റെ പിൻതലമുറക്കാരിൽ ഉണ്ടായിരുന്ന പ്രവാചകന്മാരെ അന്നത്തെ ജനത നിഷേധിച്ചു പുറന്തള്ളിക്കളഞ്ഞപ്പോൾ അല്ലാഹു ആ ദൈവീക അനുഗ്രഹത്തെ അവരിൽ നിന്നും എടുത്തു മാറ്റുകയും അത് ഹസ്രത് ഇസ്മാഈൽ (അ)യുടെ പിൻതലമുറക്കാർക്ക് നല്കുകയും ചെയ്തു. കാരണം അദ്ദേ

ഹമാണ് ബലിയർപ്പിക്കപ്പെടാനായി തന്റെ ചെന്നി നീട്ടിക്കൊടുക്കാൻ–മഹത്തായ ത്യാഗത്തിന്–തയ്യാറായത്. അദ്ദേഹത്തിന്റെ പിന്മുറക്കാരനായി, ഹസ്രത് മുഹമ്മദ് (സ)യെ മഹാനായ പ്രവാചകനായി അല്ലാഹു അയയ്ക്കുകയും ചെയ്തു. അല്ലാഹു(ത) അദ്ദേഹത്തെ പരിപൂർണ്ണമതവുമായി അയക്കുകയും, അതിനെ പരിപൂർണ്ണതയുടെ പാരമ്യതയിൽ എത്തിച്ച് അതിന് ഇസ്ലാം എന്ന പേരു നല്കുകയും ഒരു സംശയത്തിനും ഇടയില്ലാത്തവിധം സത്യങ്ങൾ ഉൾക്കൊണ്ട ഒരു ഗ്രന്ഥം അവതരിപ്പിക്കുകയും അതിനെ മുത്തഖീങ്ങൾക്ക് മാർഗ്ഗദർശനം ആക്കി മാറ്റുകയും ചെയ്തു. ഈ ദൈവീക അനുഗ്രഹവും ഔദാര്യവും ഖിയാമത്ത് നാൾവരെ നിലനിർത്തുകയും ചെയ്യുന്നതാണ്.

ദുൽഹജ്ജ് 9ന് ഫജ്ർ നമസ്ക്കാരാനന്തരം മുതൽ ദുൽഹജ്ജ് 13ന് അസ്ർ നമസ്ക്കാരാനന്തരം വരെ തക്ബീർ തശ്രീഫ് ചൊല്ലേണ്ടത് വാജിബ് ആക്കിയിരിക്കുന്നു. (അതായത്, നിങ്ങൾ നിങ്ങളുടെ ഭവനങ്ങളിലോ, പള്ളികളിലോ, യാത്രയിലോ ആയിക്കൊള്ളട്ടെ–ഈ 23 നമസ്ക്കാരവേളകളിലും നമസ്ക്കാരാനന്തരവും ഈദ് നമസ്ക്കാരത്തിനു ശേഷവും നിങ്ങൾ (സ്ത്രീകളോ, കുട്ടികളോ, പുരുഷന്മാരോ ആകട്ടെ) നിർബന്ധമായും 3 തവണ വീതം തക്ബീർ ചൊല്ലേണ്ടതാണ്. നമസ്ക്കാരാനന്തരം കൂട്ടമായി ഉച്ചത്തിൽ ചൊല്ലുക. സ്ത്രീകൾ ശബ്ദം താഴ്ത്തിയും ചൊല്ലുക. ഒരുപക്ഷേ ഇമാം ഇത് മറന്നുപോകുകയാണെങ്കിൽ ഓർമ്മിപ്പിക്കേണ്ട ചുമതല പിന്നിലുള്ളവർക്കാണ്.

ചുരുക്കിപ്പറഞ്ഞാൽ ഖലീലുല്ലാഹ് എന്ന പദവി ഇബ്റാഹീം (അ)വളരെ ലളിതമായി നേടിയെടുത്ത ഒന്നല്ല. അതിനായി അദ്ദേഹത്തിന് ജീവിതത്തിൽ കാഠിന്യമേറിയ പരീക്ഷണങ്ങളെ നേരിടേണ്ടി വന്നു. എന്നാൽ അതൊക്കെത്തന്നെയും അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്താൽ അദ്ദേഹം നേടിയെടുത്തു. ഹസ്രത് ഇബ്രാഹീം(അ) ക്ഷമയും, സമർപ്പണവും, അനിതരസാധാരണമായ ആത്മനിയന്ത്രണവും ജീവിതത്തിൽ പ്രാവർത്തികമാക്കിയിരുന്നു. അദ്ദേഹത്തിന്റെ ശത്രുക്കൾ അദ്ദേഹത്തെ അഗ്നികുണ്ഠത്തിൽ എറിഞ്ഞുകൊല്ലുവാൻ ശ്രമിച്ചതും, തന്റെ

പത്നിയായ ഹസ്രത് ഹാജറ(റ)യെയും, മകൻ ഹസ്രത് ഇസ്മാഈൽ(അ)നേയും, മരുഭൂമിയിൽ ഉപേക്ഷിക്കുവാനുള്ള ആജ്ഞ അല്ലാഹുവിൽ നിന്നും ലഭിച്ചതും നിങ്ങൾ ഓർക്കുന്നുണ്ടാവും. ഈ മരുപ്രദേശമാണ് പില്ക്കാലത്ത് മക്കയായി മാറുന്നത്.

ഹസ്രത് ഇബ്റാഹീം(അ) ൽ നിന്നും നാം പഠിക്കുന്ന പ്രധാനപാഠം അല്ലാഹുവിന്റെ കല്പനകളോട് അദ്ദേഹം പുലർത്തിയിരുന്ന അനന്തമായ ആത്മസമർപ്പണമാണ് ഇത്. അദ്ദേഹത്തിന്റെ സ്വഭാവത്തിലും, ശീലത്തിലും എന്തിനേറെ പറയുന്നു ഓരോ ചലനത്തിലും രൂഢമൂലമായിരുന്നു. അല്ലാഹുവിന്റെ ഇച്ഛയെ പ്രാവർത്തികമാക്കുവാൻ തന്റേതായ എന്തും ത്യാഗം ചെയ്യുവാൻ അദ്ദേഹം സദാസന്നദ്ധനായിരുന്നു. ഈ ഒരു ആയുധമാണ് നാം സ്വായത്തമാക്കേണ്ടത്. അത് നാം എവിടെ, ഏത് (ആത്മീയ) പരിസ്ഥിതിയിൽ ജീവിക്കുവാനും, നമ്മുടെ ഇസ്ലാം ദീനിനെ പരിപാലിക്കുവാൻ പ്രയാസമനുഭവിക്കേണ്ടി വരുന്ന സാഹചര്യങ്ങളിൽ നമുക്കൊരു രക്ഷാകവചമൊരുക്കാനും സഹായിക്കുകയും ചെയ്യും.

അല്ലാഹുവിന്റെ ഇച്ഛയ്ക്കു കീഴടങ്ങുവാനായി അങ്ങനെ മഹത്തായ നേട്ടങ്ങൾ കീഴടക്കുവാനായി നാം നമ്മുടെ ഇച്ഛകളെ ത്യജിക്കേണ്ടതുണ്ട്. അത് മുഖേന അല്ലാഹു നമുക്ക് രക്ഷാകവചമായി നില്ക്കുകയും നമ്മുടെ കാലുകളെ ധീരമായി ഉറപ്പിച്ചു നിർത്തുകയും ചെയ്യുന്ന സാഹചര്യം ഉടലെടുക്കും. ഇൻശാ അല്ലാഹ്.

4000 വർഷങ്ങൾക്കു മുമ്പ് കഅ്ബാ എന്നു വിശുദ്ധാലയത്തിൽ നടന്ന മഹത്തായ ഒരു ഖുർബാനി/വുദ്ഹിയ ആത്മീയ സത്തയെ അല്ലാഹു എത്ര ദീപ്തമായാണ് നിലനിർത്തിയിരിക്കുന്നത് എന്ന് നോക്കുക. ഈ അർത്ഥത്തിലാണ് ഹസ്രത് മുഹമ്മദ് (സ) വിശദീകരിച്ചത്. എന്റെ സഹാബാക്കൾ അനശ്വര താരങ്ങൾ ആയി മാറിയതു നോക്കുക. ഇപ്പോൾ അവർ നിങ്ങൾ ചവിട്ടിയരയ്ക്കുമായിരുന്ന മണൽത്തരികളല്ല; പൊള്ളുന്ന മണലാരണ്യത്തിലൂടെ നിങ്ങൾ വലിച്ചിഴയ്ക്കുമായിരുന്ന പാവങ്ങളുമല്ല. പൊരിയുന്ന വെയിലിൽ അവരുടെ മുകളിൽ പാറകയറ്റി അവരെ

പീഡിപ്പിച്ചിരുന്നതുപോലെ പീഡനത്തിനു വിധേയമാക്കുവാനും ഇനി നിങ്ങൾക്കാവില്ല. അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹ ത്താൽ അവർ നേടിയെടുത്ത മഹോന്നതമായ ആത്മീയപദവി കാണുക. അല്ലാഹു അവരെ ഏതു നിലയിലേക്ക് ഉയർത്തി എന്ന് കണ്ടറിയുക. അവർ ഇനി കാലാകാലം നിങ്ങളെ നയിക്കുന്ന ആത്മീയ താരകങ്ങളാണ്.

ഹസ്രത് മുഹമ്മദ് (സ)യുടെ സഹാബാക്കളുടെ ജീവിതം കണ്ടറിയുക. അല്ലയോ, എന്റെ അനുയായികളെ അത് നിങ്ങൾക്ക് ആശ്വാസം പകർന്നു തരിക തന്നെ ചെയ്യും. നിങ്ങളും ഈ നൂറ്റാണ്ടിന്റെ താരകങ്ങളായി മാറും. ഈ നൂറ്റാണ്ടിലെ മാനവച രിത്രത്തിലെ ഒരു പുതിയ അധ്യായമായിരിക്കും ഇത് **Arise and Create A New World-** ഉണരുക, ഒരു നവലോക സൃഷ്ടിപ്പിനായി.

അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്താൽ, നമ്മളെല്ലാ വരും ഹസ്രത് മുഹമ്മദ്(സ)യുടെ സേവകരാണ്. അല്ലാഹുവിന്റെ അനുഗ്രഹത്തോടെ, നാം ഈ അധ്യായത്തിന് ഉജ്ജ്വലമായ തുടക്കം കുറിക്കുന്നത് അനുഭവിച്ചറിയുകയും ചെയ്യുക. നമ്മുടെ കാരവൻ–സാർഥവാഹകസംഘം–മുന്നോട്ടു പോവുകതന്നെ ചെയ്യും. ചുറ്റുമുള്ള മുല്ലാക്കൾ അവർക്ക് ചെയ്യുവാനും പറയു വാനുള്ളമുള്ളതൊക്കെ തുടർന്നോട്ടെ. അല്ലാഹു വിശുദ്ധഖുർആ നിൽ വ്യക്തമാക്കിയതുപോലെ! അല്ലാഹുവിന്റെ സിംഹത്തിനു മുമ്പിൽ പതറിയോടുന്ന പാവം കഴുതളെ പോലെയാണവർ. ലോക ത്തെവിടെയാണെങ്കിലും ശരി, ലോകമെമ്പാടുമുള്ള എന്റെ ശിഷ്യർ, അല്ലാഹുവിന്റെ വിളിക്കുത്തരം നല്കുവാൻ ഏതു സാഹചര്യ ത്തിലും സദാ സന്നദ്ധരാണ്. മറ്റ് ആരാധ്യവസ്തുക്കളോട് തങ്ങ ളുടെ ഹൃദയങ്ങളെ ചേർത്തു വച്ചിരിക്കുന്നവരെ പോലെയല്ല നമ്മൾ. നമുക്ക് അവരെ ഭയവും ഇല്ല. തൗഹീദിൽ നിന്നും വ്യതി ചലിച്ചു പോയ ആ മുല്ലാക്കളുടെ മുഖത്തേക്കു നോക്കുവാൻ–അ വരെ നേരിടാൻ–നമുക്കൊരു ഭയവും ഇല്ല. അവർക്ക് തൗഹീദി നോടും, നമ്മുടെ പ്രിയപ്രവാചകനോടും യാതൊരുവിധ ആദരവും ഇല്ല തന്നെ, അല്ലാഹുവിന്റെയും അവന്റെ പ്രവാചകന്റെയും അധ്യാപനങ്ങളെ അവർ കാറ്റിൽപ്പറത്തിയിരിക്കുന്നു. (ചവിട്ടിയ

രച്ചു കളഞ്ഞിരിക്കുന്നു.)

ഈ കടന്നുപോയ റമദാനിൽ, ചില അഹ്മദീ മുല്ലാമാർ എത്ര തരം താഴ്ന്ന പ്രവൃത്തികളാണ് കാട്ടിക്കൂട്ടിയത്. ഒരു വയോവൃദ്ധന്റെ മരണത്തെ അവർ ആഘോഷമാക്കുകയും, അദ്ദേഹത്തിനെയും, ആ സാഹചര്യത്തെയും പറ്റി വളരെ മോശമായ ആരോപണങ്ങളുയർത്തുകയും ചെയ്തു. അൽഹംദുലില്ലാഹ്, എന്നാൽ, നാം റമദാൻ മാസത്തിന്റെ മൂല്യമറിയുന്നവരായിരുന്നു. അത് ക്ഷമയുടെ, സഹനത്തിന്റെ മാസമാണ്. മഹത്തായ പ്രതിഫല നേട്ടത്തിനായി, സംയമനം മനോഹരമായി പാലിച്ചു നാം.

പൈശാചികഭാവം പൂണ്ട് അലറി വിളിക്കുന്ന അഹ്മദീ മൗലവിമാർ; അതേ സമയം നമ്മുടെ വശത്ത് നോക്കൂ. മർഹൂം ഖാജാ മൈതീൻ സാഹിബിന്റെ മരുമകൾ ജാസ്മിൻ സാഹിബയ്ക്കുണ്ടായ വെളിപാടിൽ ഖാജാ മൈതീൻ സാഹിബ് ഷഹീദ് ആയിരിക്കുന്നു എന്ന് അറിയിപ്പ് കിട്ടിയിരിക്കുന്നു. അതു മാത്രമല്ല, ആ മഹതിക്ക് മറ്റു സന്ദേശങ്ങളും ലഭിക്കുന്നുണ്ട്. അൽഹംദുലില്ലാഹ്. സുമ്മ അൽഹംദുലില്ലാഹ്. ഈ അഹ്മദീ മുല്ലാമാർ എത്ര നീചമായ നിലവാരത്തിലേക്കാണ് താഴ്ന്നുപോയിരിക്കുന്നത്.? നബീകരീം(സ)യുടെ വാക്കുകൾക്ക് അവർ ഒരു വിലയും കല്പിക്കുന്നില്ല.

തങ്ങളുടെ ആരാധ്യവസ്തുക്കളിൽ അമിതമായി ഒട്ടിച്ചേർന്നു നില്ക്കുന്ന ഈ മുല്ലാമാരുടെ മുമ്പിൽ ഞാനൊരു ഹദീസ് വെയ്ക്കുകയാണ്. ബുഖാരിഷരിഫിൽ അബുമൂസാ(റ) റിപ്പോർട്ട് ചെയ്യുന്നു. അദ്ദേഹം പ്രവാചകൻ(സ)യോട് ചോദിച്ചു; അല്ലയോ, പ്രവാചകരേ? ആരാണ് നല്ല മുസ്ലിം? തിരുനബി(സ) അരുളി: തന്റെ നാവുകൊണ്ടോ, കരങ്ങൾ കൊണ്ടോ തന്റെ മുസ്ലിം സഹോദരനു ദോഷം വരുത്താത്തവൻ ആരാണോ അവനാണ് യഥാർത്ഥ മുസ്ലിം.

സമയമുണ്ടായിരുന്നെങ്കിൽ ഞാൻ ഈ മുല്ലാക്കൾക്കു വേണ്ടി ഇനിയും ഹദീസുകൾ ഉദ്ധരിച്ചേനെ. തത്ക്കാലം അവർ ഈ ഹദീസ് ആഴത്തിൽ പഠിയ്ക്കുകയും, അല്ലാഹുവിനോട് ഇസ്തിഗ്ഫാർ തേടുകയും ചെയ്യട്ടെ. അതു മുഖേന അവർ ഇപ്പാൾ

ചുറ്റിപ്പിടിച്ചുവച്ചിരിക്കുന്ന വ്യാജദൈവങ്ങളെ വിട്ട് അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കാൻ സാധിക്കുമാറാകട്ടെ. ഇൻശാഹ് അല്ലാഹ്.

നിങ്ങൾ കാണുകയും, സാക്ഷ്യം വഹിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നതുപോലെ, അല്ലാഹുവിന്റെ വാഗ്ദാനം സദാസത്യമായി പുലർന്നുകൊണ്ടിരിക്കുന്ന ഒന്നാണ്. വളരെ ക്കാലങ്ങൾക്കു മുമ്പു നടത്തിയ വാഗ്ദാനം പോലും, നാം അറി യുകയോ, മനസ്സിലാക്കുകയോ ചെയ്യാതെ തന്നെ, ഈ കാലഘ ട്ടത്തിലും സത്യമായി പുലർത്തുന്നതിനുള്ള കഴിവ് അല്ലാഹു (ത)യ്ക്ക് ഉണ്ട്. നിങ്ങൾക്കെല്ലാം അറിയുന്ന വസ്തുതയാണ് ഞാൻ ഇനി സൂചിപ്പിക്കുന്നത്. നാസിർ അഹ്മദ് സുൽത്താനി, താഹിർ അഹ്മദ് നസീം, അബ്ദുൽ ഗഫാർ ജൻബാഹ് എന്നീ മൂന്നുപേർ അവരുടെ സത്യതയെ സാക്ഷ്യപ്പെടുത്തിക്കൊണ്ട്, എന്നെ കള്ളം പറയുന്നവൻ (കള്ളൻ) എന്ന് പ്രഖ്യാപിയ്ക്കുക യുണ്ടായി. ഞാൻ അവരിൽ ഒരാളുമായി ഔദ്യോഗികമായി മുബാഹലയിൽ ഏർപ്പെടുകയും ചെയ്തു. അബ്ദുൽ ഗഫ്ഫാർ ജൻബാഹുമായിട്ടായിരുന്നു. രണ്ട് വർഷക്കാലയളവ് നിശ്ചയിച്ച ആ മുബാഹല. അതിന്റെ നിബന്ധന ഇപ്രകാരമായിരുന്നു. കള്ളം പറയുന്നത് ആര്? എന്ന് അല്ലാഹു തീരുമാനിക്കുകയും ആ വ്യക്തിയെയും, ആ ജമാഅത്തിനെയും (ദൈവീകാനുകൂല്യ മൊന്നും ലഭിക്കാത്ത ആ ജമാഅത്തിനെയും) അല്ലാഹു നാടുക ടത്തട്ടെ എന്ന് ദുആ ചെയ്തു കൊണ്ടുള്ളതായിരുന്നു അത്. ആ ഔദ്യോഗിക മുബാഹലയിൽ പരസ്പരം ആരുടേയും മര ണത്തിനായി പ്രാർത്ഥിച്ചിരുന്നുമില്ല. എന്റെ ശിഷ്യനായ ഫസിൽ ജമാൽ സാഹിബും, ഞാനുമാണ് ആ മുബാഹലയിൽ എന്റെ പക്ഷത്തുനിന്നും ഉടമ്പടി ഒപ്പുവച്ചത്. അബ്ദുൽ ഗഫ്ഫാർ ജൻബാഹ് അദ്ദേഹത്തിന്റെ ശിഷ്യനായ മൻസൂർ അഹ്മദിനോ ടൊപ്പം മുബാഹലയിൽ ഒപ്പുവെച്ചു. രണ്ടു വർഷക്കാലയളവ് പൂർത്തിയായ ശേഷം അവർ സ്വയമായി അബ്ദുൽ ഗഫ്ഫാർ ജൻബാഹ്-നെ വിജയിയായി പ്രഖ്യാപിച്ചു. വാസ്തവത്തിൽ, മുബാഹല കാലയളവിൽ മൻസൂർ അഹ്മദ് സാഹിബിന്റെ പിതാ വ്, പരസ്യമായി ജൻബാഹ്-നെ വിട്ട് നാസിർ അഹ്മദ് സുൽത്താ

നിയുടെ കൂട്ടത്തിൽ ചേർന്നു. ഭയം കൊണ്ടാവണം, മുബാഹല കാലാവധി അവസാനിക്കുന്നതിനു മുമ്പ് അവർ അദ്ദേഹത്തെ ജൻബാഹിന്റെ ജമാ–അത്തിലേക്ക് തിരിച്ചയച്ചു.

പക്ഷേ പിന്നീട്, അല്ലാഹു നമുക്ക്, മറ്റെല്ലാവർക്കും അദ്ദേഹം ആരോടൊപ്പം ആയിരുന്നു ശരിക്കും, എന്ന് കാട്ടിത്തരികയുണ്ടായി. അൽഹംദുലില്ലാഹ്, സുമ്മ അൽഹംദുലില്ലാഹ്. അല്ലാഹു(ത) അവന്റെ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനെ വളർത്തി വലുതാക്കുന്നതും, അവൻ അവന്റെ പിന്തുണ നമുക്ക് നല്കിക്കൊണ്ടിരിക്കുന്നതും നാം കണ്ടുകൊണ്ടിരിക്കുകയാണ്. അല്ലാഹുവിന്റെ ആ പിന്തുണയ്ക്ക് ഏറ്റവും ഉത്തമമായ ഉദാഹരണമാണ് ഇസ്ലാമിക ചരിത്രത്തിലെ മഹത്തായ പ്രവചനങ്ങളിൽ ഒന്നിന്റെ സാക്ഷാത്ക്കാരം ഈ കാലഘട്ടത്തിൽ നടന്നത്. ഹസ്രത് മുഹമ്മദ് (സ), മസീഹ് കഅ്ബാ ശരീഫ് തവാഫ് ചെയ്യുന്നതായി കണ്ടു. ആ പ്രവചന സാക്ഷാത്ക്കാരം സംഭവിച്ചത് 2018 ഫെബ്രുവരി 20നാണ്. അൽഹംദുലില്ലാഹ്, സുമ്മ അൽഹംദുലില്ലാഹ്. എനിക്കും, എന്റെ കുടുംബത്തിനും യാതൊരുവിധ പ്രയാസവും കൂടാതെ ഉംറ നിർവ്വഹിയ്ക്കുവാൻ സാധിച്ചു. ഈ വാഗ്ദാനം നടത്തിയത് അല്ലാഹുവാണ്. അല്ലാഹു തന്നെയാണ് ഞങ്ങൾക്ക് ഉംറാ നിർവ്വഹിക്കുവാനുള്ള വഴി തുറന്നു തന്നതും.

ചുരുക്കിപ്പറഞ്ഞാൽ, ദിനംപ്രതി അല്ലാഹു(ത) അവന്റെ റഹ്മത്ത് നമ്മിലേക്ക് കോരിച്ചൊരിഞ്ഞു കൊണ്ടേയിരിക്കുകയാണ്. എന്നെ വെല്ലുവിളിയ്ക്കുകയോ, പരസ്യമായി സ്വയം ഈ നൂറ്റാണ്ടിലെ വാഗ്ദത്ത മസീഹ് എന്നോ, അല്ലാഹുവിന്റെ പ്രവാചകൻ എന്നോ പ്രഖ്യാപിച്ച എല്ലാ ഓരോരുത്തരേയും, അല്ലാഹു നാമാവശേഷരാക്കിയത് എങ്ങനെയെന്ന് നോക്കിക്കാണുക. ആർക്കും വിപത്തോ, ദുരിതമോ, ദൗർഭാഗ്യമോ ഉണ്ടായിക്കാണണമെന്ന് നമ്മൾ ആഗ്രഹിക്കുന്നില്ല. പക്ഷേ എല്ലാ ഓരോരുത്തരുടേയും ഹൃദയങ്ങളിലുള്ളതും, അവരുടെ ഉദ്ദേശ്യങ്ങളും ഏറ്റവും നന്നായി അവൻ അറിയുന്നു. തങ്ങൾ പറയുന്നതും ചിന്തിക്കുന്നതും, പ്രഖ്യാപിക്കുന്നതും ശരിയോ, തെറ്റോ എന്ന് അവൻ മാത്രമാണ് ഏറ്റവും നന്നായി അറിയുന്നത്. അല്ലാഹു(ത) വിശുദ്ധഖുർ

ആനിൽ പറയുന്നതുപോലെ, ആര് അല്ലാഹുവിനെപ്പറ്റി കള്ളം പറയുന്നുവോ, വാസ്തവത്തിൽ അല്ലാഹുവിൽ നിന്നും ലഭിക്കാതെ, തങ്ങൾക്ക് വെളിപാട് ഇറങ്ങുന്നു എന്ന് പറയുന്നുവോ അവനെ, അല്ലാഹു തന്റെ ശിക്ഷയുമായി പിടികൂടുക തന്നെ ചെയ്യും.

ഇതുവച്ചു നോക്കിയാൽ, ആസാദ് ഷാ സാഹിബ് (സ്കോട്ലാന്റ്) നാസിർ അഹ്മദ് സുൽത്താനി, താഹിർ അഹ്മദ് നസീം തുടങ്ങിയവർക്ക് സംഭവിച്ചത് എന്താണ് എന്ന് നാം കണ്ടു കഴിഞ്ഞു.സ്കോട്ലാന്റിൽ നിന്നുള്ള ആസാദ്ഷാ സാഹിബ് 2016, മാർച്ച് 24ന് വധിയ്ക്കപ്പെട്ടു. 2017 മാർച്ച് 21ന് നാസിർ അഹ്മദ് സുൽത്താനിയെ പാകിസ്താൻ ഭരണാധികാരികൾ അറസ്റ്റു ചെയ്തു. അദ്ദേഹത്തിന് പിന്നീടെന്തു സംഭവിച്ചു എന്നതു സംബന്ധമായി ആർക്കും ഒരുവിവരവും ഇല്ല. 2020 ജൂലൈ 29, (ഈ ആഴ്ച) താഹിർ അഹ്മദ് നസീം പെഷവാറിലെ പാക്കിസ്ഥാൻ കോടതിയിൽ വച്ച് ഖാലിദ് എന്നുപേരുള്ള ഒരു വ്യക്തിയാൽ കൊലചെയ്യപ്പെട്ടു. ഇദ്ദേഹം വെബ്സൈറ്റിലൂടെ എന്നെ കള്ളം പറയുന്നവൻ എന്നുവിളിച്ച് ആക്ഷേപിക്കുകയുണ്ടായി.

ഞാൻ വീണ്ടും വീണ്ടും എടുത്തുപറയുവാൻ ആഗ്രഹിക്കുന്ന ഒരു സംഗതിയുണ്ട്. നമുക്ക് ആരുടേയും മോശം അവസ്ഥ കാണുവാൻ താത്പര്യമില്ല. ഞാനൊരിക്കലും വ്യക്തിപരമായി ആരേയും ആക്ഷേപിക്കുവാനോ, ഒരാളുടെ ഇന്നയിന്ന കാര്യങ്ങൾ മോശമാണ് എന്നോ, തെറ്റാണെന്നോ പറയാനോ, ഞാൻ മാത്രമാണ്, ഞാൻ പറയുന്നത് മാത്രമാണ് ശരി എന്ന് സ്ഥാപിക്കുവാനോ ആഗ്രഹിക്കുന്നില്ല. അല്ലാഹു അങ്ങനെ ചെയ്യാനോ, പറയുവാനോ എനിക്ക് കല്പന നല്കാത്തിടത്തോളം എനിയ്ക്കങ്ങനെ ചെയ്യാൻ സാധിക്കുകയില്ല. കാരണം ഒന്നിൽ കൂടുതൽ മുജദ്ദിദിനെ ഭൂമുഖത്തേക്ക് കൊണ്ടുവരാനുള്ള ശക്തി അല്ലാഹുവിനുണ്ട്. അല്ലാഹു എന്നോട് ആജ്ഞാപിക്കാത്തിടത്തോളം കാലം ഞാൻ അങ്ങനെ പറയില്ല. എന്നെ ചവിട്ടിത്തേക്കാനും, അപമാനിയ്ക്കാനും ആക്ഷേപിക്കാനും

ആദ്യം ചാടിപ്പുറപ്പെട്ടത് അവരാണ്. എന്റെ സത്യതയെ കളങ്കപ്പെടുത്തുവാനും, എന്നെ കള്ളംപറയുന്നവൻ എന്ന് വിളിച്ച് ആക്ഷേപിക്കാനും തുടങ്ങിയപ്പോഴാണ് അവർക്കെതിരെ നിന്ന് വെല്ലുവിളി പുറപ്പെടുവിക്കാൻ അല്ലാഹു എനിക്ക് അനുവാദം നല്കിയത്. ഞാൻ അബ്ദുൽ ഗഫ്ഫാർ ജൻബാഹുമായി മുബാഹിലയിൽ ഏർപ്പെട്ടത് അദ്ദേഹം എന്നെ കള്ളൻ എന്ന് വിളിച്ചതിന്റെ പരിണിതഫലമായിട്ടല്ല. മറിച്ച്, അദ്ദേഹം മുസ്ലിഹ് മൗഊദ് ഹസ്രത് മിർസാബഷീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)വിനെ കള്ളൻ എന്നുവിളിച്ചപ്പോഴാണ്. ഞാൻ അല്ലാഹുവിന് അനുസരണം പുലർത്തുകയും, അവന്റെ വരുതിയ്ക്കുള്ളിൽ നില്ക്കുകയും ചെയ്തതിനാൽ അല്ലാഹു എന്നെ തുടർന്നും പിന്തുണയ്ക്കുകയും, എനിക്കും അവന്റെ ജമാഅത്തിനും അവൻ നല്കിയ വാഗ്ദാനത്തെ പുഷ്ടിപ്പെടുത്തിത്തരികയും ചെയ്തുകൊണ്ടിരിക്കുന്നു. തൗഹീദിൻ കീഴിൽ മുസ്ലിംകളെയും, മാനവരാശിയെയും ഒരുമിപ്പിക്കുക എന്നതാണ് ആ വാഗ്ദാനം.

തഖ്‌വയെ ആധാരപ്പെടുത്താതെ, വെറുതെ ആളുകൾ മുന്നോട്ടുവരികയും സ്വയം തോന്നിയ ജല്പനങ്ങളെ പരസ്യമായി പുറപ്പെടുവിക്കുകയും ചെയ്ത്, സ്വയം നാശത്തിന്റെ പാതവെട്ടിയൊരുക്കുന്നു എന്നത് ഖേദകരമായ സംഗതിയാണ്. അല്ലാഹു സുബഹാനഹു വതാആല എന്റെ സത്യതയെ സാക്ഷ്യപ്പെടുത്തുകയും, അനേകമനേകം ആളുകളുടെ ഹൃദയങ്ങളെ സത്യത്തിലേക്ക് നയിക്കുകയും ചെയ്യുമാറാകട്ടെ. ഇൻശാ അല്ലാഹ് ആമീൻ.

ഈ നൂറ്റാണ്ടിൽ നമ്മുടെ ത്യാഗങ്ങളിലൂടെ, ഈ ലോകത്ത് ഒരു ആത്മീയ വിപ്ലവം സാധ്യമാക്കുവാനുള്ള തൗഫീക്ക് അല്ലാഹു(ത) നമുക്ക് നല്കുക തന്നെ ചെയ്യുമെന്ന് പ്രത്യാശിക്കുകയാണ്. അത് നേടിയെടുക്കുന്നത് ചോരപ്പുഴ ഒഴുക്കിയല്ല, മറിച്ച് യുക്തിയിലൂടെയും, ദുആയിലൂടെയും ആണ്. ദുആകളും അല്ലാഹുവിന്റെ സഹായവും കൂടാതെ നമുക്കീ ആത്മീയ വിപ്ലവം സാധ്യമാക്കാൻ കഴിയുകയില്ല. കാരണം നമുക്ക് ജനങ്ങളെ അവരുടെ മനസ്സുകളെ കാർന്നുതിന്നുകൊണ്ടിരിക്കുന്ന പൂജാബിംബങ്ങളിൽ നിന്നും, അതായത്, ഭൗതീകലോകത്തിന്റെ പൈശാചിക ആകർഷണങ്ങളിൽ

നിന്നും സ്വതന്ത്രമാക്കേണ്ടതുണ്ട്. ഇൻശാ അല്ലാഹ്. തങ്ങളുടെ പൂജാബിംബങ്ങൾക്കുവേണ്ടി സ്വയം ബലിയാടുകളാകുന്ന മത ഭ്രാന്തന്മാരായ മുല്ലാക്കളെ വിട്ടേക്കുക. അവരിൽ ആത്മീയതയുടെ അംശം ലവലേശമില്ല. വാക്കുകൾ കൊണ്ടുമാത്രം ഈ ആത്മീയ വിപ്ലവം സാധ്യമാവുകയില്ല. ത്യാഗത്തിന്റെ ശ്വാസം നിങ്ങളിലേക്ക് നിങ്ങൾ ആവാഹിച്ചെടുക്കേണ്ടതുണ്ട്. ഓരോ പിതാവും ഹസ്രത് ഇബ്രാഹിം(അ) ആകേണ്ടതുണ്ട്. ഓരേ മാതാവും ഹസ്രത് ഹാജറാ(റ)യും ഓരോ കുഞ്ഞും ഹസ്രത് ഇസ്മാഈൽ (അ)യെ പോലെ തന്റെ മാതാപിതാക്കളോട് പൂർണ്ണ അനുസരണം പുലർത്തുന്നവരും ആകേണ്ടതുണ്ട്. അങ്ങനെയുള്ള നിങ്ങളുടെ ത്യാഗങ്ങളിലൂടെയാണ് നമ്മുടെ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന് ഒരു നവലോകനിർമ്മിതിയ്ക്കായി ഉണരുവാൻ സാധിക്കുന്നതും, മുഴുലോകത്തിനും പുതുജീവൻ പകരാൻ സാധിക്കുന്നതും ഇൻശാ അല്ലാഹ്. എല്ലായിടത്തും പകരേണ്ട, പടരേണ്ട, പ്രതിധ്വനിക്കേണ്ട ശബ്ദം ഇതാണ്. അത് നമുക്കൊന്നായി പറയാം. ലബ്ബൈക്ക് അല്ലാഹുമ്മ ലബ്ബൈക്ക്

അല്ലാഹു(ത) നമ്മെ ഏവരെയും സഹായിക്കുകയും, സാത്താന്റെ ആകർഷണത്തിൽ നിന്നും, അക്രമികളുടെയും കുതന്ത്രങ്ങൾ മെനയുന്നവരുടേയും തന്ത്രങ്ങളിൽ നിന്നും നമ്മെ സംരക്ഷിക്കുകയും, ദൈവീക ദൃഷ്ടാന്തങ്ങളിലുള്ള വിശ്വാസത്തിൽ ഒറ്റക്കെട്ടായി ഉറപ്പിച്ചു നിർത്തുകയും ചെയ്യുമാറാകട്ടെ. ആമീൻ! സുമ്മ ആമീൻ! യാ റബ്ബൽ ആലമീൻ!



*Translated By :*
*Mukarram R. Jamaludin Raother*
*Fauzia Jamal Zain & Fazil Jamal*

*Issued By :*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*